പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3469 | 15. 07.2015- ൽ മറുപടി നല്കേണ്ടത്. |

## വിഷരഹിത പഴം പച്ചക്കറി പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ജോസഫ് വാഴയ്ക്കൻ**<br>**"പി.എ.മാധവൻ**<br>**"ടി.എൻ. പ്രതാപൻ**<br>**"തേറമ്പിൽ രാമകൃഷ്ണൻ** | | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | വിഷരഹിത പഴം പച്ചക്കറി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; | എ) | സമഗ്രമായ ഒരു കർമ്മ പദ്ധതിക്ക് ഇതിനകം രൂപം നല്കിയിട്ടുണ്ട്. |
| ബി) | പ്രസ്തുതപദ്ധതിയിലൂടെ എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; | ബി) | അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന പഴം, പച്ചക്കറിയിൽ അമിതമായ അളവിലുള്ള കീടനാശിനികളുടെ ഉപയോഗം കണ്ടെത്തിയതിനെ തുടർന്ന് അത്തരത്തിലുള്ള പഴം, പച്ചക്കറി എന്നിവയുടെ വരവ് കർശനമായി നിയന്ത്രിക്കുന്നതിനും പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനടക്കമുള്ള ഒരു സമഗ്രപദ്ധതിക്ക് സംസ്ഥാന സർക്കാർ ഇതിനകം രൂപം നൽകിയിട്ടുണ്ട്. |
| സി) | പച്ചക്കറികളിലും പഴങ്ങളിലുമുള്ള വിഷാംശങ്ങൾ കണ്ടുപിടിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | സി) | ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൂന്ന് അനലിറ്റിക്കൽ ലാബുകളിൽ പഴം, പച്ചക്കറി സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള അത്യന്താധുനിക ഉപകരണങ്ങൾ വാങ്ങിച്ചു നൽകുവാനും ആയതിലേക്കായി 2.45 കോടി രൂപ അധികമായി അനുവദിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |
| ഡി) | പദ്ധതി നടപ്പാക്കാൻ ഏതെല്ലാം വകുപ്പുകളുമായി സഹകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ? | ഡി) | ഭക്ഷ്യസുരക്ഷ, കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, വിൽപ്പന നികുതി എന്നീ വകുപ്പുകളിലൂടെയാണ് ടി പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് |

സെക്ഷൻ ഓഫീസർ